# Malayala Manorama

## 18 June 2018

## Aroor: Heavy rain, Flood,Crop destraction

# കനത്തമഴ തുടരുന്നു; കൃഷിനാശം, വെള്ളക്കെട്ട്

■ മടവീഴ്ചയിൽ നശിച്ചത് അൻപത് ഏക്കറിലെ നെൽകൃഷി

അരൂർ ● കനത്ത മഴയെ തുടർന്നുണ്ടായ മടവീഴ്ച മൂലം അൻപത് ഏക്കറിലെ നെൽകൃഷി നശിച്ചു. കോടംതുരുത്ത് പഞ്ചായത്ത് ഒന്നാം വാർഡിൽ കൊച്ചുകുരുഡാക്കരി പാടശേഖരത്തിൽ ഒരു സംഘം യുവാക്കൾ നടത്തിയ നെൽകൃഷിയാണു നശിച്ചത്. വിത്ത് വിതച്ച് ഒരാഴ്ച പ്രായമായ നെൽച്ചെടികൾ ആകാശം കാണാതെ വെള്ളത്തിൽ മുങ്ങിക്കിടക്കുകയാണ്. തൊട്ടടുത്ത മൽസ്യകൃഷി പാടത്തിന്റെ പുറംചിറ തകർന്നാണ് വെള്ളം നെൽകൃഷിയിടത്തിലേക്കു ഇരച്ചു കയറിയത്.

ഒരു മീറ്ററോളം ഉയരത്തിൽ കൃഷിയിടത്തിൽ വെള്ളം പൊങ്ങി. നെൽകൃഷി തുടങ്ങുന്നതിനു മുൻപേ പുറംചിറ ബലപ്പെടുത്തണമെന്ന് നെൽകൃഷി നടത്തുന്നവർ നിലം ഉടമയോട് ആവശ്യപ്പെട്ടിരുന്നെന്ന് കൃഷിയ്ക്കു നേതൃത്വം നൽകുന്ന അഞ്ചു തൈയ്ക്കൽ കുഞ്ഞുമോൻ പറഞ്ഞു. ഒരാഴ്ച തുടർച്ചയായി മോട്ടോർ പ്രവർത്തിപ്പിച്ചാൽ മാത്രമേ കൃഷിയിടത്തിലെ വെള്ളം വറ്റിക്കാനാവു.

നെൽച്ചെടികളെല്ലാം കണ്ണിപ്പുറത്തു നിന്നു വേർപെട്ടതിനാൽ വീണ്ടും വിത്ത് വിതയ്ക്കേണ്ടിവരും. കൃഷി വകുപ്പ് ഉദ്യോഗസ്ഥരും പഞ്ചായത്ത് അംഗം രുഗ്മിണി ബോബനും കൃഷിയിടം സന്ദർശിച്ചു. ഒരുലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചതായി കൃഷി നടത്തിപ്പുകാരായ യുവാക്കൾ പറഞ്ഞു.



കോടംതുരുത്ത് പഞ്ചായത്തിലെ കൊച്ചുകുരുഡാക്കരി പാടശേഖരത്തിൽ നെൽക്കൃഷിയിടത്തിലേക്കു മടപൊട്ടി വെള്ളം ഒഴുകിയപ്പോൾ.

### വെള്ളക്കെട്ട് ശക്തം

കനത്ത മഴ തുടർച്ചയായി പെയ്യുന്നതുമൂലം വെള്ളക്കെട്ട് അതിശക്തമായി. മഴ തുടർന്നാൽ മേഖലയിൽ ദുരിതാശ്വാസ ക്യാംപുകൾ ആരംഭിക്കേണ്ടിവരും. ദേശീയപാതയിലും ഗ്രാമീണ റോഡുകളിലും പെയ്ത്തുവെള്ളം കെട്ടിക്കിടക്കുന്നതുമൂലം വാഹന യാത്രയും അസാധ്യമായി. ദേശീയപാതയിൽ നിന്നു പെയ്ത്തുവെള്ളം പാതയോരത്തെ വീടുകളിലേക്കും ഒഴുകിയെത്തുന്നുണ്ട്. കാന നിർമിക്കാത്തതാണു കാരണം. ചില സ്ഥലങ്ങളിൽ മാത്രമേ കാന നിർമിച്ചിട്ടുള്ളൂ.

ചന്തിരൂർ വെളുത്തുള്ളി റോഡിലുള്ള വീടുകളിൽ വെള്ളം കയറി. മഴയോടൊപ്പം കായലിൽ വേലിയേറ്റവും ശക്തമാണ്. വെള്ളക്കെട്ട് ശക്തമായ പ്രദേശങ്ങളിൽ ശുചിമുറി മാലിന്യവും കലരുന്നതു മൂലം സാംക്രമിക രോഗങ്ങൾ പടരാൻ സാധ്യതയുണ്ട്. അരൂർ, എഴുപുന്ന പഞ്ചായത്തുകളുടെ പല പ്രദേശങ്ങളിലും ഛർദ്ദി, അതിസാര ബാധ തലപൊക്കിയിട്ടുണ്ട്. പനി ബാധിക്കുന്നവരുടെ എണ്ണവും വർധിക്കുകയാണ്.

എരമല്ലൂർ കവലയിൽ ദേശീയ പാതയോരത്തുള്ള കുഴികളിൽ പെയ്ത്തുവെള്ളം കെട്ടിക്കിടക്കുന്നതുമൂലം ഇരുചക്ര വാഹന യാത്രികർ അപകടത്തിൽപ്പെടുന്നു. അരൂർക്ഷേത്രം കവലയിൽ അരൂക്കുറ്റി ഭാഗത്തേക്കുള്ള ബസ് സ്റ്റോപ്പിലും പെയ്ത്തുവെള്ളം കെട്ടിക്കിടക്കുന്നു. അരൂർ-കുമ്പളം പുതിയ പാലത്തിന്റെ തെക്കു ഭാഗത്തെ അപ്രോച്ച് റോഡിന്റെ പടിഞ്ഞാറു ഭാഗത്ത് ശുചിമുറി മാലിന്യവും, ഖരമാലിന്യങ്ങളും പതിവായി തള്ളുന്നതുമൂലം ഇവിടെ നിന്നു മലിനജലം പലഭാഗങ്ങളിലേക്കും ഒഴുകുന്നുണ്ട്.